REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 09-03-2026** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- **പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന്റെ രണ്ടാംഘട്ടം ആരംഭിച്ചു.**
- **പശ്ചിമേഷ്യയിൽ ഉരുത്തിരിയുന്ന സംഭവ വികാസങ്ങൾ ഗവൺമെന്റ് സൂക്ഷ്മമായി നിരീക്ഷിച്ചു വരികയാണെന്ന് വിദേശകാര്യ മന്ത്രി ഡോ. S ജയശങ്കർ.**
- **കേരളത്തിലെ സ്ഥാനാർത്ഥി പട്ടിക തയ്യാറാക്കാൻ BJP കേന്ദ്ര തിരഞ്ഞെടുപ്പ് സമിതിയോഗം വൈകിട്ട് ന്യൂഡൽഹിയിൽ. കോൺഗ്രസിന്റെ സ്ഥാനാർത്ഥി നിർണയ ചർച്ച നാളെ.**
- **നാലുവരിയായി വികസിപ്പിക്കുന്ന മാനാഞ്ചിറ - മലാപ്പറമ്പ് റോഡ് മന്ത്രി PA മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്തു.**
- **ISL ഫുട്ബോളിൽ, വൈകീട്ട് പഞ്ചാബ് FC, നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ നേരിടും.**

## വാർത്തകൾ വിശദമായി

പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന്റെ രണ്ടാം ഘട്ടം ആരംഭിച്ചു. ഏപ്രിൽ രണ്ട് വരെയാണ് സമ്മേളനം. ഒരു സിറ്റിംഗ് അംഗം ഉൾപ്പെടെ അഞ്ചു MP മാർക്ക് ചരമോപചാരം അർപ്പിച്ച ശേഷം ലോക്സഭാ നടപടികൾ ഉച്ചയ്ക്ക് 12 വരെ നിർത്തിവെച്ചു. പിന്നീട് സഭാ നടപടികൾ പുനഃരാരംഭിച്ചെങ്കിലും പശ്ചിമേഷ്യൻ വിഷയത്തിൽ വിദേശകാര്യ മന്ത്രി ഡോ. S ജയശങ്കർ സംസാരിക്കുന്നതിനിടെ പ്രതിപക്ഷാംഗങ്ങൾ ബഹളം തുടരുകയാണ്.

രണ്ടാം ഘട്ടത്തിന്റെ ആദ്യ ദിവസമായ ഇന്ന്, ഓം ബിർളയെ ലോക്സഭാ സ്പീക്കർ സ്ഥാനത്ത് നിന്ന് നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷം

കൊണ്ടു വന്ന അവിശ്വാസ പ്രമേയ നോട്ടീസ്, സഭ പരിഗണിക്കും. കൊടിക്കുന്നിൽ സുരേഷ് അടക്കം മൂന്ന് കോൺഗ്രസ് അംഗങ്ങളാണ് നോട്ടീസ് നൽകിയത്.

പുരുഷ ട്വന്റി- 20 ലോകകപ്പ് നേടിയ ഇന്ത്യൻ ക്രിക്കറ്റ് ടീമിനെ രാജ്യസഭ അഭിനന്ദിച്ചു. മികച്ച പ്രകടനം കാഴ്ച വെച്ച ടീം രാജ്യത്തെ ക്രിക്കറ്റ് പ്രേമികൾക്ക് സന്തോഷവും, അഭിമാനവും നൽകിയതായി രാജ്യസഭാ ചെയർമാൻ CP രാധാകൃഷ്ണൻ പറഞ്ഞു.

✪✪✪

പശ്ചിമേഷ്യയിൽ ഉരുത്തിരിയുന്ന സംഭവ വികാസങ്ങൾ ഗവൺമെന്റ് സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണെന്ന് വിദേശകാര്യമന്ത്രി ഡോ. S ജയശങ്കർ രാജ്യസഭയിൽ പറഞ്ഞു. പ്രശ്നത്തിന്റെ ഗൗരവം ഉൾക്കൊണ്ട് ഗൾഫ് രാജ്യങ്ങളിൽ കഴിയുന്ന ഇന്ത്യക്കാരുടെ സുരക്ഷയും, സംരക്ഷണവും ഉറപ്പുവരുത്താൻ ഗവൺമെന്റ് നടപടിയെടുത്തു വരികയാണെന്ന് അദ്ദേഹം അറിയിച്ചു. സംഭാഷണത്തിലൂടെയും നയതന്ത്രത്തിലൂടെയും മേഖലയിലെ സംഘർഷം ലഘൂകരിക്കാനാവുമെന്നാണ് ഗവൺമെന്റ് കരുതുന്നതെന്നും ജയശങ്കർ വിശദീകരിച്ചു. ഇറാനിലെ ഇന്ത്യക്കാർക്ക് ജനുവരിയിൽ തന്നെ ജാഗ്രതാ നിർദ്ദേശം നൽകിയിരുന്നു. അനാവശ്യ യാത്രകൾ ഒഴിവാക്കണമെന്ന് അവർക്ക് മുന്നറിയിപ്പും കൊടുത്തിരുന്നു.

പശ്ചിമേഷ്യൻ രാജ്യങ്ങളിലെ ഇന്ത്യൻ എംബസികൾക്ക്, പ്രവാസി ഇന്ത്യക്കാരുടെ സുരക്ഷ ഉറപ്പാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ജയശങ്കർ അറിയിച്ചു.

✪✪✪

ഇന്ത്യയുടെ ആരോഗ്യ അടിസ്ഥാന മേഖല കഴിഞ്ഞ വർഷങ്ങളിൽ ഏറെ ശക്തിപ്പെട്ടതായി പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ജനാഭിലാഷങ്ങൾ പൂർത്തീകരിക്കുന്നത് ചർച്ചയ്ക്ക് വരേണ്ട വിഷയമല്ലെന്നും, മറിച്ച് ബജറ്റിന്റെ അടിസ്ഥാനവും, ഗവൺമെന്റിന്റെ പ്രതിബദ്ധതയുമാണ് അത് തെളിയിക്കുന്നതെന്നും അദ്ദേഹം ന്യൂഡൽഹിയിലെ ബജറ്റാനന്തര 'സബ്കാ സാത്, സബ്കാ വികാസ്' വെബിനാറിൽ പറഞ്ഞു.

രോഗ പ്രതിരോധവും, ഹോളിസ്റ്റിക് ചികിത്സാ രീതികളും സാർവത്രികമാക്കാൻ നൂറുകണക്കിന് മെഡിക്കൽ കോളജുകളും മറ്റ് ആരോഗ്യ കേന്ദ്രങ്ങളും ജില്ലാടിസ്ഥാനത്തിൽ ആരംഭിച്ചുവരികയാണ്. ആയുഷ്മാൻ ഭാരതും, ആരോഗ്യമന്ദിറുകളും, ആരോഗ്യ പരിരക്ഷാ സേവനങ്ങളും രാജ്യത്തെ ഗ്രാമങ്ങളിൽ വരെ ലഭ്യമാക്കി. ഇന്ത്യയുടെ പരമ്പരാഗത യോഗ - ആയുർവേദ രീതികൾക്ക് ലോകത്തെങ്ങും പ്രചാരം വർദ്ധിച്ചുവരികയാണ്. കെയർ ഗിവർമാർക്ക് ആഗോളതലത്തിൽ വർദ്ധിച്ചുവരുന്ന ആവശ്യം, ഈ മേഖലയിൽ

വൈദഗ്ധ്യം നേടിയവർക്ക് ലക്ഷക്കണക്കിന് തൊഴിലവസരങ്ങൾ ലഭിക്കാൻ ഇടയാക്കുന്നതായും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

മൂന്നര വർഷത്തിനിടെ ആദ്യമായി എണ്ണവില ബാരലിന് നൂറ് US ഡോളർ കടന്നു. പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിലാണ് അന്താരാഷ്ട്ര വിപണിയിൽ വില വർദ്ധിച്ചത്. ഇറാന്റെ ആണവശേഷി നശിപ്പിക്കപ്പെട്ടു കഴിഞ്ഞാൽ, രാജ്യാന്തര വിപണിയിൽ എണ്ണവില അതിവേഗം കുറയുമെന്ന് US പ്രസിഡണ്ട് ഡൊണാൾഡ് ട്രംപ് പറഞ്ഞു. ഇപ്പോഴത്തെ വിലവർദ്ധന ലോകസുരക്ഷയ്ക്കും, ലോക സമാധാനത്തിനും നൽകേണ്ട ചെറിയ വിലയാണെന്നും ട്രംപ് വിലയിരുത്തി.

✪✪✪

പശ്ചിമേഷ്യൻ മേഖലയിലേക്ക് ഇന്ന് ഇന്ത്യൻ വിമാനക്കമ്പനികൾ 50 സർവീസ് നടത്തുമെന്ന് വ്യോമയാന മന്ത്രാലയം അറിയിച്ചു. ദുബായ്, അബുദാബി, ഫുജൈറ, മസ്ക്കറ്റ്, ജിദ്ദ തുടങ്ങിയ മേഖലകളിൽ നിന്ന് ഇന്നലെ ഇന്ത്യൻ വിമാന കമ്പനികൾ 49 സർവീസ് നടത്തി.

ഇന്ത്യയ്ക്കും പശ്ചിമേഷ്യക്കും ഇടയിലെ വ്യോമ ഗതാഗതത്തെ ബാധിക്കുന്ന സംഘർഷ സാഹചര്യങ്ങൾ സൂക്ഷ്മമായി വിലയിരുത്തി വരികയാണെന്നും മന്ത്രാലയം അറിയിച്ചു.

✪✪✪

ഇറാൻ പരമോന്നത നേതാവ് ഖമനേയിയുടെ വധത്തെ തുടർന്ന് ക്രമസമാധാന പ്രശ്നമുണ്ടായ കശ്മീർ താഴ്വരയിൽ, എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഇന്ന് തുറന്നു. താഴ്വരയിൽ സ്ഥിതിഗതി സമാധാനപരമാണെന്നും, യൂണിവേഴ്സിറ്റികളടക്കം സ്ഥാപനങ്ങൾ പതിവുപോലെ പ്രവർത്തനം തുടങ്ങിയതായി ജമ്മുകശ്മീർ വിദ്യാഭ്യാസ മന്ത്രി സക്കീന ഇട്ടൂ അറിയിച്ചു.

✪✪✪

ഇന്ത്യൻ സൈന്യവും, ജപ്പാൻ ഗ്രൗണ്ട് സെൽഫ് ഡിഫൻസ് ഫോഴ്സും തമ്മിലെ വാർഷിക സംയുക്ത സൈനികാഭ്യാസം, 'ധർമ്മ ഗാർഡിയൻ', ഉത്തരാഖണ്ഡിലെ ചൗബാട്ടിയയിൽ ഇന്ന് സമാപിക്കും. സംയുക്ത സൈനികാഭ്യാസത്തിന്റെ ഏഴാമത് പതിപ്പാണ് 'ധർമ്മ ഗാർഡിയൻ'.

✪✪✪

തമിഴ്നാട്ടിൽ ഭരണകക്ഷിയായ DMK യുടെ 12-ാമത് സംസ്ഥാന സമ്മേളനത്തിന് തിരുച്ചി ജില്ലയിലെ സിരുഗനൂരിൽ ഇന്ന് തുടക്കമാകും. നിയമസഭാ

തിരഞ്ഞെടുപ്പിന് മുന്നോടിയായി ചേരുന്ന സമ്മേളനം, നിർണായക രാഷ്ട്രീയ തീരുമാനങ്ങൾ കൈക്കൊള്ളും. വൈകിട്ട് മുഖ്യമന്ത്രി MK സ്റ്റാലിൻ, സമ്മേളന നഗരിയിൽ പതാക ഉയർത്തി പാർട്ടി പ്രവർത്തകരെ അഭിസംബോധന ചെയ്യും.

✪✪✪

മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ, പശ്ചിമ ബംഗാളിലെ നിയമസഭാ തിരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങൾ വിലയിരുത്താൻ കൊൽക്കത്തയിലെത്തി. കാളിഘട്ട് ക്ഷേത്രത്തിലെത്തിയ അദ്ദേഹം ബംഗാളിലെ ജനങ്ങളുടെ ക്ഷേമത്തിന് പ്രത്യേക പ്രാർത്ഥന നടത്തി. സംസ്ഥാനത്ത് സ്വതന്ത്രവും, സത്യസന്ധവും, സമാധാനപരവുമായ തിരഞ്ഞെടുപ്പ് ഉറപ്പാക്കുന്നതിന് പ്രതിബദ്ധതയുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

✪✪✪

നാലുവരിയായി വികസിപ്പിക്കുന്ന മാനാഞ്ചിറ- വെള്ളിമാടുകുന്ന് റോഡിന്റെ മാനാഞ്ചിറ-മലാപ്പറമ്പ് റീച്ച്, മന്ത്രി PA മുഹമ്മദ് റിയാസ് രാവിലെ ഉദ്ഘാടനം ചെയ്തു. രണ്ടാംഘട്ടം മലാപ്പറമ്പ്-വെള്ളിമാടുകുന്ന് റീച്ചിന്റെ പ്രവൃത്തിക്കും അദ്ദേഹം തുടക്കം കുറിച്ചു. 127 കോടിയിൽപ്പരം രൂപയാണ് രണ്ട് ഘട്ടങ്ങൾക്കുമായി വേണ്ടിവരുന്നത്.

MLA മാരായ തോട്ടത്തിൽ രവീന്ദ്രൻ, അഹമ്മദ് ദേവർകോവിൽ, മേയർ ഒ സദാശിവൻ, തുടങ്ങിയവർ പങ്കെടുത്തു.

കനാൽ സിറ്റി ഉൾപ്പെടെ പദ്ധതികൾ വരുന്നതോടെ കോഴിക്കോട് ന്യൂ കാലിക്കറ്റാകുമെന്നും, ഗവണ്മെന്റിന്റെ നിശ്ചയദാർഢ്യത്തിന്റെയും ദീർഘവീക്ഷണത്തിന്റേയും തെളിവാണ് വികസന പദ്ധതികളെന്നും മന്ത്രി പറഞ്ഞു.

✪✪✪

കേരളത്തിലെ സ്ഥാനാർത്ഥിപ്പട്ടിക തയ്യാറാക്കാൻ BJP കേന്ദ്ര തെരഞ്ഞെടുപ്പ് സമിതി യോഗം, വൈകീട്ട് ഡൽഹിയിൽ ചേരും. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെയും കേന്ദ്രമന്ത്രി അമിത് ഷായുടെയും സാന്നിധ്യത്തിലാണ് യോഗം. സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖറും, കേരളത്തിലെ പ്രധാന നേതാക്കളും യോഗത്തിൽ പങ്കെടുക്കും.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പിലെ സ്ഥാനാർത്ഥി നിർണയ തുടർചർച്ചയ്ക്കായി സംസ്ഥാനത്തെ കോൺഗ്രസ് നേതൃത്വം നാളെ ഡൽഹിക്ക് പോകും. മധുസൂദനൻ മിസ്ത്രി ചെയർമാനായ സ്ക്രീനിംഗ് കമ്മിറ്റിയ്ക്ക് കൈമാറിയ, 50

പേരുടെ പട്ടിക കേന്ദ്രീകരിച്ച് AICC നേതൃത്വവുമായി നേതാക്കൾ ചർച്ച ചെയ്യും. തിരഞ്ഞെടുപ്പ് പ്രഖ്യാപന തീയതിയ്ക്ക് മുമ്പേ, കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെയുടെ അധ്യക്ഷതയിൽ യോഗം ചേർന്ന ശേഷമായിരിക്കും സ്ഥാനാർത്ഥികളെ പ്രഖ്യാപിക്കുക.

✪✪✪

സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർ ശമ്പള വർദ്ധനയടക്കം ആവശ്യങ്ങളുന്നയിച്ച് സംസ്ഥാന വ്യാപകമായി പണിമുടക്ക് സമരം ആരംഭിച്ചു. കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിലടക്കം നഴ്സുമാരും, മാനേജ്മെന്റുമായി വാക്തർക്കമുണ്ടായി. നഴ്സുമാരെ ഭീഷണിപ്പെടുത്തി ജോലി ചെയ്യാൻ നിർബന്ധിക്കുകയാണെന്ന് യുണൈറ്റഡ് നഴ്സസ് അസോസിയേഷൻ കുറ്റപ്പെടുത്തി.

✪✪✪

ട്വന്റി 20 ലോകകപ്പിലെ മികച്ച താരവും മലയാളികളുടെ അഭിമാനവുമായ സഞ്ജു സാംസണ് ഗവണ്മെന്റ് തിരുവനന്തപുരത്ത് ഔദ്യോഗിക സ്വീകരണം നൽകുമെന്ന് മന്ത്രി V ശിവൻകുട്ടി അറിയിച്ചു. ഫൈനലിലെ നിർണ്ണായക പ്രകടനമടക്കം ടൂർണമെന്റിലുടനീളം സഞ്ജു കാഴ്ച വെച്ച ബാറ്റിംഗ് മികവ് മലയാളികൾക്ക് അഭിമാനമാണെന്ന് മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

ISL ഫുട്ബോളിൽ, ഇന്ന് പഞ്ചാബ് FC, നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ നേരിടും. ലുധിയാനയിൽ വൈകീട്ട് 7.30 നാണ് മത്സരം.

✪✪✪

അന്താരാഷ്ട്ര വനിതാ ദിനം ആഘോഷിക്കുന്നതിന് രാജ്യത്തെ 250 സ്ഥലങ്ങളിൽ ഇന്നലെ ആരംഭിച്ച "അസ്മിത അത്‌ലറ്റിക്സ് ലീഗ്" ഇന്ന് സമാപിക്കും. കായിക പരിപാടികളിലൂടെ സ്ത്രീകൾക്ക് പ്രചോദനം നൽകുകയെന്ന ലക്ഷ്യത്തോടെ കായിക മന്ത്രാലയമാണ് അത്‌ലറ്റിക്സ് ലീഗ് സംഘടിപ്പിച്ചത്.

✪✪✪

ഹൈദരാബാദിൽ FIH വനിതാ ഹോക്കി മത്സരത്തിൽ ഇന്ത്യ, ഇന്ന് സ്കോട്ട്ലൻഡിനെ നേരിടും. വൈകീട്ട് 7.30 ന് ഹൈദരാബാദിലാണ് മത്സരം.

ഇന്നലെ ഉറുഗ്വേയെ മറുപടിയില്ലാത്ത നാല് ഗോളിന് ഇന്ത്യ തോൽപ്പിച്ചു.

✪✪✪

തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നിർമ്മിക്കുന്ന ബഹുനില മന്ദിരത്തിന്റെ നിർമ്മാണം മുഖ്യമന്ത്രി പിണറായി വിജയൻ വൈകീട്ട് ഉദ്ഘാടനം ചെയ്യും.

കിഫ്ബിയിലൂടെ 137 കോടി രൂപ ഉപയോഗിച്ചാണ് മന്ദിരത്തിന്റെ നിർമ്മാണം. മന്ത്രി വീണാ ജോർജ് അധ്യക്ഷയായിരിക്കും.

✪✪✪

തൃശൂർ പുത്തൂർ സുവോളജിക്കൽ പാർക്കിലെ പ്രവേശന ടിക്കറ്റ് നിരക്ക് പുതുക്കി നിശ്ചയിച്ചു. നാളെ മുതൽ മുതിർന്നവർക്ക് പ്രവേശന ടിക്കറ്റിന് 70 രൂപയും, ബസ് ടിക്കറ്റിന് 30 രൂപയുമാണ് പുതുക്കിയ നിരക്ക്. അഞ്ചു മുതൽ 12 വരെ പ്രായക്കാർക്ക് പ്രവേശന ടിക്കറ്റിനും, ബസ് ടിക്കറ്റിനും 20 രൂപയും, മുതിർന്ന പൗരന്മാർക്ക് 30 രൂപയും നൽകിയാൽ മതി. സ്കൂൾ യൂണിഫോമിൽ സംഘമായെത്തുന്ന അഞ്ചു മുതൽ 12 വരെ ക്ലാസുകാർക്ക് 20 രൂപയായിരിക്കും നിരക്ക്.

✪✪✪

മഞ്ചേരി മണ്ഡലത്തിലെ വികസന മുരടിപ്പിനെക്കുറിച്ച് ഫേസ്ബുക്ക് പോസ്റ്റിട്ട യുവാവിനെ മർദിച്ച സംഭവത്തിൽ പൊലീസ് കേസ്സെടുത്തു. സ്ഥലം MLA യുടെ മകനും മറ്റ് അഞ്ച് പേർക്കുമെതിരെയാണ് കേസ്.

✪✪✪

ഗുരു യോഗിരാജ് ബോധി എന്ന് അറിയപ്പെടുന്ന ധ്യാനഗുരു തൊടുപുഴയിൽ നിര്യാതനായി. ധ്യാനക്ലാസിനിടെ കുഴഞ്ഞ് വീണു മരിക്കുകയായിരുന്നു. സംസ്കാരം ഇന്ന് വയനാട് പുതുപ്പാടി ഗുരുകുലത്തിൽ നടത്തും.

✪✪✪

തിരുവനന്തപുരത്ത് പൊങ്കാലയിടുന്നതിനിടെ തീപ്പൊള്ളലേറ്റ് ചികിത്സയിലായിരുന്ന വീട്ടമ്മ മരിച്ചു. കോഴിക്കോട് വെസ്റ്റ്ഹിൽ സ്വദേശിയായ വിജിഷയാണ് രാവിലെ മരിച്ചത്.

✪✪✪

സ്വർണ്ണവില കുറഞ്ഞു. പവന് 1,440 രൂപ താഴ്ന്ന് ഒരു ലക്ഷത്തി 18,560 ലെത്തി. 14,820 രൂപയാണ് ഗ്രാമിന് ഇന്നത്തെ വില.

✪✪✪

മീനമാസ പൂജകൾക്കായി ശബരിമലയിൽ ഈ മാസം 14 ന് വൈകീട്ട് നട തുറക്കും. പൂജകൾ പൂർത്തിയാക്കി 19 ന് രാത്രി 10 ന് നടയടയ്ക്കും.

✪✪✪

കണ്ണൂർ ഗവണ്മെന്റ് പോളി ടെക്നിക്ക് കോളേജിന്റെ നേതൃത്വത്തിൽ ദേശീയതല ടെക്നോ കൾച്ചറൽ ഫെസ്റ്റ് ഈ മാസം 12, 13 തീയതികളിൽ നടത്തും. കേരളത്തിന് പുറമെ കർണാടക, തമിഴ്നാട് എന്നിവിടങ്ങളിലെ എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക് കോളേജുകളിലെയും രണ്ടായിരത്തോളം വിദ്യാർത്ഥികൾ പങ്കെടുക്കും.

ടെക്നിക്കൽ മത്സരങ്ങൾ, പ്രൊജക്റ്റ് എക്സ്പോ, സെമിനാറുകൾ കലാപരിപാടികൾ, ഫാഷൻ ഷോ, എന്നിവയും ഇതിന്റെ ഭാഗമായി ഉണ്ടാകും.

✪✪✪

അഖിലേന്ത്യാ ബാങ്ക് പെൻഷനേഴ്സ് & റിട്ടയറീസ് കോൺഫെഡറേഷന്റെ കണ്ണൂർ ജില്ലാ സമ്മേളനം ബുധനാഴ്ച കണ്ണൂരിൽ നടത്തുമെന്ന് ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. സംസ്ഥാന സെക്രട്ടറി B.ശ്രീകുമാർ ഉദ്ഘാടനം ചെയ്യും.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: സബിത*
*News Team: അനിൽ ചന്ദ്രൻ, അനുഷ ആത്മപ്രകാശ്*
*DEO: ഷീബ*